പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3728      11.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളും വർക്ക്ഷോപ്പുകളും ആധുനികവത്കരിക്കുന്നതിനു വേണ്ടി 2018-19 പ്ലാൻ ഫണ്ടിൽ നിന്നും എത്ര തുകയാണ് നീക്കി വച്ചിരുന്നത്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വർക്ക്ഷോപ്പ് നവീകരണത്തിനും ഇൻഫ്രാസ്ട്രക്ചർ വികസനത്തിനുമായി 2018-19 പ്ലാൻ ഫണ്ടിൽ 34.64 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; | (ബി) | 'വർക്ക്ഷോപ്പുകൾ & ബസ് സ്റ്റേഷനുകൾ നവീകരണം' എന്ന പദ്ധതിക്കായി 4.7 കോടി രൂപയും, 'യാർഡുകളുടെ നവീകരണം' എന്ന പദ്ധതിക്കായി 8 കോടി രൂപയും ചേർത്ത് ആകെ 12.7 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നീക്കിവച്ചിരിക്കുന്ന തുകയായ 34.64 കോടി രൂപയുടെ 36.64 ശതമാനം (12.70 കോടി രൂപ) കെ.എസ്.ആർ.ടി.സി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആധുനികവത്കരണ നടപടികൾ ഏതൊക്കെ ഡിപ്പോകളിലാണ് നടപ്പാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ മേജർ വർക്ക്ഷോപ്പുകളിൽ, അതായത് സെൻട്രൽ വർക്ക്സ്, മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള മെഷിനറികളും, അതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ തൊടുപുഴ, പാല, തൊട്ടിൽപ്പാലം, പുനലൂർ, പത്തനംതിട്ട, കിളിമാനൂർ തുടങ്ങിയ ഡിപ്പോകൾ നവീകരിക്കുന്നതിനുള്ള ജോലികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ